# ശബരിമലയുവതീപ്രവേശനം - പുനഃപരിശോധനാഹർജി പരിഗണിക്കുന്നു

ശബരിമലക്ഷേത്രത്തിൽ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകളെ പ്രവേശിപ്പിക്കുന്നതിനും അതിന് നിലവിലുള്ള ആചാരങ്ങളിൽ മാറ്റം വരുത്തുന്നതിനും വേണ്ടി ഇന്ത്യൻ യംഗ് ലോയേഴ്സ് അസോസിയേഷൻ സുപ്രീംകോടതിയിൽ 28.7.2006-ൽ കേസ് ഫയൽ ചെയ്തു.

നൂറ്റാണ്ടുകളായി ശബരിമലക്ഷേത്രത്തിൽ നിലനിന്നുവരുന്ന കീഴ്‌വഴക്കങ്ങൾ കോടതിയെ ബോധിപ്പിക്കുന്നതിനു വേണ്ടി പ്രസ്തുത കേസിൽ നായർ സർവീസ് സൊസൈറ്റി 2008-ൽ കക്ഷി ചേർന്നു.

എൻ.എസ്.എസ്സിന്റെ വാദമുഖങ്ങൾ കേൾക്കേണ്ടതുണ്ട് എന്ന് കോടതിക്ക് ബോദ്ധ്യം വന്നതിനാൽ വിശദമായ വാദം കേൾക്കുന്നതിലേക്ക് 2016-ൽ മൂന്നംഗബഞ്ചിന് കേസ് വിട്ടു

പ്രസ്തുത കേസിൽ ഭരണഘടനാപരമായ തർക്കങ്ങൾ ഉണ്ടെന്ന് കോടതിക്ക് ബോദ്ധ്യം വന്നതിനാൽ 2017 ഒക്ടോബറിൽ അഞ്ചംഗ ഭരണഘടനാബഞ്ചിന് വിടാൻ തീരുമാനമുണ്ടായി

ഭരണഘടനാബഞ്ചിലെ ഏക വനിതാ അംഗത്തിന്റെ വിയോജനക്കുറിപ്പോടുകൂടി, ഏതു പ്രായത്തിലുമുള്ള സ്ത്രീകൾക്കും ശബരിമലയിൽ പ്രവേശനം അനുവദിക്കണമെന്ന് 28.9.2018-ൽ വിധി ഉണ്ടായി.

എൻ.എസ്.എസ്സിന്റെ പ്രഖ്യാപിതനയം ഈശ്വരവിശ്വാസവും ആചാരാനുഷ്ഠാനങ്ങളും സംരക്ഷിക്കുക എന്നതാണ്. അതിനുവേണ്ടി ജാതി-മത-രാഷ്ട്രീയഭേദമെന്യെ വിശ്വാസികളോടൊപ്പം പങ്കുചേർന്ന് നാമജപഘോഷയാത്ര താലൂക്കുതലത്തിൽ നടത്തുകയുണ്ടായി.



ശബരിമലയിലെ സ്ത്രീപ്രവേശനം സംബന്ധിച്ച കോടതിവിധിയിന്മേൽ നായർ സർവീസ് സൊസൈറ്റിക്കുവേണ്ടി മുൻ അറ്റോർണി ജനറലും സീനിയർ അഭിഭാഷകനുമായ കെ. പരാശരൻ മുഖേന 8.10.2018-ൽ റിവ്യൂ ഹർജി ഫയൽ ചെയ്തു.

റിവ്യൂ ഹർജികളിന്മേൽ തുറന്ന കോടതിയിൽ വാദംകേൾക്കാനാണ് 2019 ജനുവരി 22-ന് ഭരണഘടനാബഞ്ച് തീരുമാനിച്ചത്.

ആറുവർഷങ്ങൾക്കുശേഷം ശബരിമല യുവതീപ്രവേശനം സംബന്ധിച്ച പുനഃപരിശോധനാഹർജി വീണ്ടും സുപ്രീംകോടതിയുടെ പരിഗണനയ്ക്കു വന്നിരിക്കുകയാണ്.

ശബരിമലയിൽ നൂറ്റാണ്ടുകളായി തുടർന്നുവരുന്ന വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും നിലനിർത്തുന്ന കാര്യത്തിൽ വിശ്വാസികളുടെ താല്പര്യം സംരക്ഷിക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുകൂലനിലപാട് സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.